# അധ്വാനത്തിന്റെ മഹത്വവും യാചനയുടെ അധമത്വവും

عَن الزُبَيْرِ رَضِيَ اللَّهُ عَنهُ عَنِ النّبي ﷺ قَالَ لَأنْ يأْخُذَ أَحَدُكُمْ حَبْلَه فَيأْتي بِحُزْمَةِ الْحطَبِ عَلى ظَهْرِهِ فَيَبيعَهَا فَيَكُفَّ الله بِهَا وَجهَهُ خَيْرٌ لَهُ مِنْ أنْ يَسْأَلَ النّاسَ أعْطَوْهُ أوْمَنَعُوهُ (بخارى)

സുബൈറി(റ)ൽനിന്ന്: പ്രവാചകൻ(സ) പറഞ്ഞു: “നിങ്ങളിലൊരാൾ കയറെടുത്ത് തന്റെ ചുമലിൽ ഒരു കെട്ട് വിറകുമായെത്തി അത് വിൽക്കുന്നതിലൂടെ അല്ലാഹു അവന്റെ അഭിമാനം സംരക്ഷിക്കുന്നതാണ് ജനങ്ങളോട് യാചിക്കുന്നതിനേക്കാൾ അവന് ഉത്തമം. (യാചിച്ചാൽ) ജനം അയാൾക്ക് കൊടുക്കട്ടെ കൊടുക്കാതിരിക്കട്ടെ” (ബുഖാരി).

അധ്വാനത്തിന്റെയും തൊഴിലിന്റെയും മഹത്വം ഏറ്റവുമധികം ഉയർത്തിപ്പിടിച്ച ജീവിത വ്യവസ്ഥയാണ് ഇസ്‌ലാം. അതോടൊപ്പം അത് മനുഷ്യന്റെ അന്തസ്സും മാന്യതയും ഉയർത്തിപ്പിടിക്കുന്നു. ഇതിന് ഊനം തട്ടുന്ന ഒന്നും ഇസ്‌ലാം പ്രോത്സാഹിപ്പിക്കുന്നില്ല. അധ്വാനിച്ചാൽ എന്തും നേടാൻ കഴിയുന്ന കരുത്തുള്ള അവയവങ്ങളും ബുദ്ധിയും മനുഷ്യനുണ്ട്. ഈ ഭൂമിയെ അല്ലാഹു മനുഷ്യനുവേണ്ടി വിശാലമാക്കുകയും വിധേയപ്പെടുത്തുകയും ചെയ്തിരിക്കുന്നു. അത് ഉപയോഗപ്പെടുത്താനും അധ്വാനിക്കാനും മനുഷ്യനോട് നിർദേശിക്കുകയും ചെയ്തിരിക്കുന്നു. നമുക്ക് അനുവദനീയമായ മാർഗത്തിലൂടെ അധ്വാനിച്ച് ലഭിക്കുന്ന ആഹാരം കൊണ്ട് സ്വയം ഉണ്ണാനും കുടുംബങ്ങളെ ഊട്ടാനും സമ്പാദ്യശീലം വളർത്താനും ഇസ്‌ലാം പ്രേരിപ്പിക്കുന്നു. അതിനാൽ തന്നെ ഇസ്‌ലാം യാചനയെ അങ്ങേയറ്റം വെറുക്കുകയും നിരുത്സാഹപ്പെടുത്തുകയും ചെയ്യുന്നു. അത് വിശ്വാസികളുടെ അന്തസ്സിനും അഭിമാനത്തിനും മാന്യതക്കും ചേർന്നതല്ലെന്ന് പഠിപ്പിക്കുന്നു.

“സ്വന്തമായി അധ്വാനിച്ച് സമ്പാദിച്ച് തിന്നുന്നതിനെക്കാൾ ഉത്തമമമായ ആഹാരം ആരും കഴിച്ചിട്ടില്ല” എന്ന നബിവചനം അധ്വാനത്തിന്റെ മഹത്വമാണ് പ്രഖ്യാപിക്കുന്നത്. യാചന പതിവാക്കിയവനും ജീവിത മാർഗമായി സ്വീകരിച്ചവനും പുനരുത്ഥാന നാളിൽ അഭിമുഖീകരിക്കേണ്ടിവരുന്ന അപമാനവും നിന്ദ്യതയും സംബന്ധിച്ച് ഒട്ടേറെ ഹദീസുകളിൽ വന്നിട്ടുണ്ട്.

നബി(സ) പറഞ്ഞു: “ധനം വർധിപ്പിക്കാനായി ജനങ്ങളോട് യാചിക്കുന്നവരുടെ മുഖത്ത് അന്ത്യനാളിൽ മാന്തലിന്റെ അടയാളമുണ്ടായിരിക്കും. നരകത്തിൽ നിന്നുള്ള ചുട്ടുപഴുത്ത കല്ലിൻ കഷ്ണമാണവൻ അന്ന് ഭക്ഷിക്കുക” (തിർമിദി). തൊഴിലെടുക്കുന്നതിലുള്ള മടിയും ആലസ്യവും ഇസ്‌ലാം വെറുക്കുന്നു. അനുവദനീയമായ ഏതു ജോലിയിലും മാന്യതയും മഹത്വവുമുണ്ടെന്നാണ് ഉപരി സൂചിത ഹദീസ് നമ്മെ പഠിപ്പിക്കുന്നത്.

ഊർജസ്വലതയും അധ്വാന മനസ്സും ജീവിതത്തെക്കുറിച്ച ഉത്തമ കാഴ്ചപ്പാടുമുള്ളവന് മാത്രമേ ഈ നിർദേശം പ്രാവർത്തികമാക്കാൻ സാധിക്കുകയുള്ളൂ. അധ്വാനവിമുഖതയും നിഷ്‌ക്രിയത്വവും അഭിമാനബോധമുള്ള മനുഷ്യന് ചേർന്നതല്ലെന്ന് ഈ നബിവചനം ഓർമിപ്പിക്കുന്നു. കയറെടുക്കണം, മല താണ്ടണം, വിറക് ശേഖരിക്കണം, അത് തന്റെ മുതകിലേറ്റണം, വിൽപന നടത്തണം, അങ്ങനെ ആഹാരത്തിനുള്ള വക കണ്ടെത്തണം, എന്നിട്ടതിൽ സായൂജ്യമടയണം. അൽപമൊരു ക്ലേശം സഹിച്ച് തൊഴിലെടുത്ത് ജീവിക്കാനും അതിൽ സംതൃപ്തിയടയാനുമുള്ള നിർദേശം പ്രവാചകന്റേതിനേക്കാൾ സുന്ദരവും ശ്രദ്ധേയവുമായി മറ്റാരാണ് നൽകിയിട്ടുള്ളത്!

ചില അടിയന്തര ഘട്ടങ്ങൾ ഏതു മനുഷ്യനും അഭിമുഖീകരിച്ചേക്കാം. അത്തരം സന്ദർഭങ്ങളിൽ അന്യരുടെ സഹായം അനിവാര്യമായി തേടേണ്ടിവരും. ഇതിനെ അനഭിലഷണീയമായി ഇസ്‌ലാം കാണുന്നില്ല. നബി(സ) അരുളി: “മൂന്നിലൊരാൾക്കല്ലാതെ യാചന അനുവദനീയമല്ല. 1. ഒരു കാര്യത്തിൽ ജാമ്യം നിൽക്കേണ്ടിവന്നയാൾക്ക് അത് പൂർത്തീകരിക്കാനാവശ്യമായത് ലഭിക്കും വരെ. 2. സാമ്പത്തികമായി തീരാ ദുരിതത്തിനിരയായ മനുഷ്യന് നിലനിൽപിനായത് ലഭിക്കുന്നത് വരെ. 3. കടുത്ത ദാരിദ്ര്യം ബാധിച്ചയാൾക്ക് അത് നീങ്ങുന്നത് വരെ.”

“അത്യാവശ്യം നേരിടുമ്പോഴല്ലാതെ യാചിക്കുന്നവർ തീക്കട്ട പെറുക്കിയെടുക്കുന്നവനെപ്പോലെയാണ്” (ബൈഹഖി). യാതൊരു തൊഴിലുമെടുക്കാതെ അലസനായി ആളുകളോട് ഇരന്നു വാങ്ങുന്നതിൽ സുഖവും സൗകര്യവും സാമ്പത്തിക സുസ്ഥിതിയും കണ്ടെത്തി നിർവൃതിയടയുന്നവനെയാണ് ഇവിടെ കൊള്ളരുതാത്തവനായി ചിത്രീകരിക്കുന്നത്. അത്തരം യാചകർക്ക് വരാനിരിക്കുന്ന ശിക്ഷയെയും ദുരിതത്തെയും അപമാനത്തെയും സംബന്ധിച്ച മേൽ നബിവചനം വിശ്വാസികൾ ഗൗരവത്തിലെടുക്കേണ്ടതാണ്. അധ്വാനിച്ചും ക്ലേശിച്ചും ജീവിച്ചു മുന്നേറാൻ സാധിക്കുന്ന പ്രകൃതിയിലാണ് മനുഷ്യരെ അല്ലാഹു സൃഷ്ടിച്ചിട്ടുള്ളതെന്ന് ഖുർആൻ വ്യക്തമാക്കുന്നു. ഇങ്ങനെ ക്ലേശിച്ച്, അതിൽ സമാധാനം പൂണ്ട് ജീവിച്ച് തിരിച്ചെത്തുന്നവർക്കാണ് സ്വർഗം വാഗ്ദാനം ചെയ്യപ്പെട്ടിരിക്കുന്നത്. ■